(എ) മീനച്ചിൽ ആറിൽ നിന്നും വെള്ളം ശുദ്ധീകരിച്ച് പുതുപ്പള്ളി പഞ്ചായത്തിൽ ശുദ്ധജലം വിതരണം ചെയ്യുന്ന സ്കീമിന് എത്ര രൂപയുടെ എസ്റ്റിമേറ്റാണ് എടുത്തിരിക്കുന്നത് ;

(ബി) ഈ സ്കീമിന്റെ ട്രീറ്റ്മെന്റ് പ്ലാന്റ് എപ്പോൾ പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(സി) തലപ്പാടി ടാങ്കിന്റെ ടെൻഡർ ഉറപ്പിച്ചു നൽകിയോ ; ഈ ടാങ്കിന്റെ പണി എപ്പോൾ പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഡി) ഈ സ്കീമിന് എത്ര മീറ്റർ പൈപ്പ് വേണ്ടി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത് ;

(ഇ) പൈപ്പ് എത്രയും വേഗം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 390.10 ലക്ഷം രൂപ.

(ബി) 2001 ജൂണിൽ.

(സി) ടാങ്കിന്റെ പണിക്കുള്ള ടെൻഡർ പരിശോധിച്ചു വരുന്നു. പണി തുടങ്ങിയാൽ നിർദ്ദിഷ്ട സമയത്തിനുള്ളിൽ പൂർത്തിയാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

(ഡി) 71 കി. മീ. പൈപ്പ്.

(ഇ) സ്വീകരിക്കുന്നതാണ്.

അയർകുന്നം-കുരോപ്പട പാംപാടി-മീനടം ശുദ്ധജലവിതരണ സ്കീം

35 (1187) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അയർകുന്നം-കുരോപ്പട, പാംപാടി-മീനടം പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള ശുദ്ധജലവിതരണ സ്കീമിന് വാഴപ്പറമ്പ് ടാങ്കിൽ നിന്നും ഇളപ്പാഗി മാതൃമല ടാങ്കുകളിലേയ്ക്ക് വെള്ളം പമ്പു ചെയ്യുന്നതിനുള്ള നടപടികൾ എന്തായി എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ വേനൽക്കാലത്തുതന്നെ പ്രയോജനപ്പെടത്തക്ക വിധത്തിൽ പമ്പിംഗ് ആരംഭിക്കുമോ ;

(സി) മാതൃമലയിൽ നിന്നും പൊത്തൻപുറം ടാങ്കിലേയ്ക്ക് വെള്ളം പമ്പു ചെയ്യുന്നതിനുള്ള എന്തെല്ലാം നടപടികൾ കൂടി പൂർത്തിയാക്കുവാൻ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) വൈദ്യുതി കണക്ഷനുവേണ്ടി എത്ര ലക്ഷം രൂപയാണ് കെട്ടിവെക്കേയ്ണ്ടത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എത്രയും വേഗം ഈ തുക കെട്ടിവെയ്ക്കുവാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) കൊയിത്താനം ഗ്രൗണ്ട് ലെവൽ ടാങ്കിന്റെ പണി എന്ന് ആരംഭിക്കും ;

(ജി) എത്രയും വേഗം ഈ ടാങ്കിന്റെ പണി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പമ്പിംഗിനാവശ്യമായ പമ്പുസെറ്റുകൾ സ്ഥാപിച്ചു കഴിഞ്ഞു. വൈദ്യുതി കണക്ഷനുവേണ്ടിയുള്ള നടപടികൾ വൈദ്യുതി ബോർഡ് സ്വീകരിച്ചു വരുന്നു. വൈദ്യുതി കണക്ഷൻ കിട്ടുന്ന മുറയ്ക്ക്, വാഴപ്പറമ്പ് ടാങ്കിൽ നിന്നും ഇളപ്പാനി ടാങ്കിലേയ്ക്കും മാതൃമല ടാങ്കിലേയ്ക്കും പമ്പിംഗ് തുടങ്ങുവാൻ സാധിക്കും.

(ബി) വൈദ്യുതി കണക്ഷൻ മേയ് മാസത്തോടെ ലഭിക്കുമെന്ന് കരുതുന്നു. കണക്ഷൻ ലഭിച്ചാൽ മേയ് മാസത്തോടെ പമ്പിംഗ് ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പമ്പു സെറ്റുകൾ വാങ്ങുവാൻ നടപടി സ്വീകരിച്ചുകഴിഞ്ഞു. വൈദ്യുതി കണക്ഷൻ ലഭിക്കേണ്ടതുണ്ട്. ആയതിനുവേണ്ട നടപടി സ്വീകരിച്ചു വരുന്നു.

(ഡി) 5 ലക്ഷം രൂപ.

(ഇ) സ്വീകരിക്കുന്നതാണ്.

(എഫ്) പ്രസ്തുത ടാങ്കിന്റെ പണിക്ക് ലഭിച്ച ടെൻഡറുകൾ പരിശോധിച്ച് വരുന്നതേയുള്ളൂ.

(ജി) നടപടി സ്വീകരിക്കുന്നതാണ്.

കോന്നി നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടി

36 (1188) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി നിയോജകമണ്ഡലത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി പുതുതായി ഏതെങ്കിലും പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) പ്രമാടം വാട്ടർ സപ്ലൈ സ്കീം, അരുവാപ്പുലം പഞ്ചായത്തിലെ മാളാപ്പാറ വാട്ടർ സപ്ലൈ സ്കീം, കൂടൽ-ഏനാദിമംഗലം വാട്ടർ സപ്ലൈ സ്കീം എന്നിവയ്ക്ക് പി.എം.ജി.വൈ. പദ്ധതി പ്രകാരം അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ ഓരോന്നിന്റെയും അടങ്കൽ തുക എത്ര ; എന്നത്തേയ്ക്ക് പദ്ധതി ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly